69

# യെരുശലേമിൽ തള്ളപ്പെട്ടു!

## (22:30- 23:15)

ദൈവാലയത്തിൽ യേശു തന്റെ അവസാന പ്രസംഗം നടത്തുകയായിരുന്നു. അവസാനിപ്പിക്കുന്നതിനുമുൻപ്, അവൻ നിന്നു യേരുശലേമിനെയും അതിലെ നിവാസികളെയും നോക്കി. പിന്നെ, ഹൃദയഭാരത്തോടെ, തന്നെ തള്ളിക്കളഞ്ഞ നഗരത്തോട് യാത്ര പറഞ്ഞു:

> യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ! കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ, നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്കു എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല. ഇതാ, നിങ്ങളുടെ ഭവനം [അതായത്, ആരാധനാലയം] ശൂന്യമായിതീരും! "കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ!"[1] എന്നു നിങ്ങൾ പറയുവോളം, നിങ്ങൾ ഇനി എന്നെ കാണുകയില്ല എന്നു, ഞാൻ നിങ്ങളോടു പറയുന്നു (മത്തായി 23:37–39).[2]

ഏതാണ്ട് ബി.സി. 1000–ത്തിൽ., ദാവീദ് രാജാവ് യെരുശലേം (യേബസ്) പിടിച്ചടക്കി അതു തലസ്ഥാനമാക്കി. നിയമ പെട്ടകം നഗരത്തിലേക്കു നീക്കുകയും ചെയ്തു, അവന്റെ മകനായ ശലോമോൻ പിന്നീട് അവിടെ ഒരു ദൈവാലയം പണിതു. ഇസ്രായേൽ ജനത്തിനു യെരുശലേം "ദൈവത്തിന്റെ നഗരമായി തീർന്നു." ബി.സി. 586–ൽ ബാബേൽ യെരുശലേമിനെ നശിപ്പിച്ചപ്പോൾ, യെഹൂദന്മാർ നഗരത്തെച്ചൊല്ലി കരഞ്ഞു. കഴിവതും വേഗത്തിൽ, അവർ അതു പുതുക്കിപ്പണിതു. ആയിരംവർഷത്തേക്ക്, യെരുശലേം മതപരവും, സമൂഹ്യവും, രാഷ്ട്രീയവും ആയി യെഹൂദ ജനത്തിന്റെ ജീവൻ ആയി രുന്നു. അതിന്റെ ദൈവത്തോടുള്ള നിരന്തര മത്സരഫലമായി, ദൈവത്തിന്റെ വിശുദ്ധനഗരത്തിന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്നു യേശു പറഞ്ഞു: ദൈവത്തിന്റെ ഉദ്ദേശങ്ങളിലും പദ്ധതികളിലും ഇസ്രായേലിനു പങ്കാളികളാകാ

നുള്ള അവസാന അവസരങ്ങളെക്കുറിച്ചാണ് ഈ പാഠം.

"സഭ ഒന്നും സ്ഥാപിച്ചില്ല" എന്നും വേദ ശാസ്ത്രപരമായോ "സഭാ സംബന്ധമായോ പ്രശ്നങ്ങൾ [ഉണ്ടായിരുന്നത്] പരിഹരിക്കില്ല"[3] എന്നു പറയുന്നതിനു പകരം, അവന്റെ മിഷണറി യാത്രയെ വിവരിക്കുന്നതു പോലെ ലൂക്കൊസ് പൗലൊസിന്റെ യെരുശേലമിലെ അവസാന ദിവസങ്ങളിലെ സംഭവത്തെ വിവരിക്കുവാനാണ് അധിക സ്ഥലവും ലൂക്കൊസ് നീക്കിവെച്ചത്. ലൂക്കൊസ് ഇങ്ങനെ ചെയ്യുവാൻ കാരണമുണ്ടെന്നു അനേക വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നു. "യിസ്രായേൽ സുവിശേഷത്തെ തള്ളിക്കളഞ്ഞതു ചിത്രീകരിച്ചിരിക്കുന്നതു ഇവിടെയാണ് എന്നതാണ് ഈ അദ്ധ്യായങ്ങളുടെ പ്രാധാന്യം"[4] എന്നു അവർ കരുതുന്നു.

> പൗലൊസിന്റെ അവസാന യെരുശലേം സന്ദർശന വിവരണത്തിനു ലൂക്കൊസ് പരിഗണിക്കത്തക്ക സ്ഥലം നീക്കിവെച്ചതിന്റെ കാരണം, സന്ദർശനം പ്രാധാന്യമുള്ളതായതുകൊണ്ടല്ല, എന്നാൽ യെരുശലേം അവസാനമായി സുവിശേഷത്തെ തള്ളിക്കളഞ്ഞതുകൊണ്ടാണ്.[5]

> [ഒ]രു ഉദ്ദേശം ... യെഹൂദ മതവും, ഒരു ദേശം എന്ന, യെഹൂദദേശത്തോടുള്ള പരിഗണനയും ... ദൈവത്തിനു ഇല്ലാതായി എന്നു കാണിക്കുകയായിരുന്നു ... ദൈവ ക്രോധം യെരുശലേമിനു നേരെ വരികയും കർത്താവു യെരുശലേമിനെക്കുറിച്ചു പ്രവചിച്ചതു പോലെ മത്തായി 24, മർക്കൊസ് 13, ലൂക്കൊസ് 21 സംഭവിക്കയും ചെയ്തു. യെഹൂദന്മാർ അവരുടെ പിതാക്കന്മാരുടെ അകൃത്യങ്ങൾ പൂരിപ്പിക്കുകയും, പ്രവാചകന്മാരെ കൊന്നവരുടെ മക്കളാണ് അവരെന്നു തെളിയിക്കയും ചെയ്തു (മത്തായി 23:31-32).[6]

> ആ ദേശത്തെ ജനങ്ങൾ മൂന്നു കൊലപാതകത്തിൽ ഉൾപ്പെട്ടിരിക്കുന്നു: യോഹന്നാൻ സ്നാപകൻ, ക്രിസ്തു, സ്തെഫാനൊസ്. ദൈവം പൗലൊസിനെ റോമാ സഹസ്രാധിപനെ ഏർപ്പെടുത്തി മോചിപ്പിച്ചില്ലായിരുന്നെങ്കിൽ അവർ നാലാമത്തെ കൊലയും നടത്തുമായിരുന്നു ... ഇപ്പോൾ യിസ്രായേലിനെമാറ്റി നിർത്തിയിരുന്നു; ... അതിന്റെ പരീക്ഷണകാലം കഴിഞ്ഞു.[7]

യഹോവ ക്ഷമയുള്ളവനാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു, എന്നാൽ അവന്റെ ക്ഷമക്ക് അതിരുണ്ട് അവൻ അനുസരണക്കേട് കുറേക്കാലത്തേക്കേ ക്ഷമിക്കയുള്ളു. പിന്നെ അവൻ പറയും, "ഇനി മതി! അധികം മുൻപോട്ട് പോകണ്ട!" യെരുശലേം നഗരത്തോട് ചില അവസാന സംഭവങ്ങളിൽ, "അതു മതി!" എന്നു ദൈവം പറയുന്നതിനെ ഈ പാഠത്തിൽ നാം കാണും.

## വിഭജിക്കപ്പെട്ട ഒരു ന്യായാധിപ സഭ
## (22:30-23:10)

യെരുശലേമിൽ റോമാ സൈന്യത്തിന്റെ സഹസ്രാധിപൻ ഒരു സാധ്യതയിലായി: തന്റെ കസ്റ്റഡിയിൽ ഉള്ളതു റോമാ പൗരനാണ്; വിചാരണ നടത്തി കുറ്റം ബോധ്യപ്പെടുത്താതെ ഒരു റോമാ പൗരനെ ബന്ധിക്കുന്നതു റോമൻ നിയമത്തിനെതിരാണ്, എന്നാൽ ആ മനുഷ്യൻ ചെയ്ത തെറ്റ് എന്താണെന്ന് അവനു ഒരു പിടിയുമില്ല. സത്യം കണ്ടു പിടിക്കുവാൻ അവൻ മൂന്നു ശ്രമങ്ങൾ നടത്തിക്കഴിഞ്ഞു: അവനെ പുരുഷാരത്തിൽ നിന്നു മോചിപ്പിച്ചുകൊണ്ട്, അവൻ ചെയ്ത കുറ്റം എന്തെന്നു കലഹക്കാരോടു ചോദിച്ചു, പക്ഷെ ആർക്കും അറിയില്ല എന്നു തോന്നി. പിടിക്കപ്പെട്ടവന്നു ജനത്തോടു സംസാരിക്കുവാൻ അവൻ അനുവാദം കൊടുത്തു, പക്ഷെ അവൻ പറഞ്ഞവസാനിപ്പിച്ചിട്ടു അവനു അതു ഗ്രഹിക്കാൻ കഴിഞ്ഞില്ല. ഒടുവിൽ തടവുകാരനെ അടിപ്പിച്ചു സത്യം പറയിക്കാൻ ബന്ധിപ്പിച്ചപ്പോൾ, താൻ റോമാ പൗരൻ എന്നു പറഞ്ഞു ഉദ്യോഗസ്ഥനെ ഞെട്ടിച്ചു.

ഒരു നടപടി ക്രമം തീരുമാനിക്കുന്നതിനെക്കുറിച്ചു ആലോചിച്ചു ആ ഉദ്യോഗസ്ഥൻ ഒരു രാത്രി മുഴുവൻ ഉറങ്ങാതെ ചെലവഴിച്ചിരിക്കണം. പ്രഭാതമാവുമ്പോഴേക്കും, ഒരു പരിഹാരം തെളിയും എന്ന് അവൻ വിചാരിച്ചു. കലഹത്തിനു കാരണം രാഷ്ട്രീയമല്ല, മതപരമായതുകൊണ്ട് ഈ കാര്യം നഗരത്തിലെ ദൈവശാസ്ത്രത്തിൽ മികവുള്ളവരെ ഏല്പിക്കാം എന്നു കരുതി. "പിറ്റെന്നു, യെഹൂദന്മാർ [പൗലൊസിന്മേൽ] ചുമത്തുന്ന കുറ്റത്തിന്റെ സൂക്ഷ്മം അറിവാൻ ഇച്ഛിച്ചിട്ടു,[8] അവൻ മഹാപുരോഹിതന്മാരും[9] [ന്യായാധിപ സംഘം][10] ഒക്കെയും കൂടിവരുവാൻ കല്പിച്ചു,[11] അവനെ കെട്ടഴിച്ചു താഴെകൊണ്ടു ചെന്നു[12] അവരുടെ മുമ്പിൽ നിറുത്തി ത്തി"[13] (22:30).

പൗലൊസിന്റെ മുൻപുകിട്ടിയ അടികൊണ്ട് ശരീരം വേദനയോടും നെഞ്ചിടിപ്പോടും കൂടെയാണ് അവൻ ദൈവാലയ പ്രാകാരത്തിൽ നിന്നത്, എന്നാൽ യെഹൂദ ജനത്തിന്റെ പരമോന്നത കോടതിയിൽ അവൻ നേരെ നിന്നു. പത്രൊസും, യോഹന്നാനും, മറ്റു അപ്പൊസ്തലന്മാരും നിന്ന സ്ഥലത്തായിരുന്നു അവൻ നിന്നതു; എവിടെ കർത്താവു നിന്നുവോ; എവിടെ സ്തെഫാനൊസ് നിന്നുവോ. അവിടെ വർഷങ്ങൾക്കു മുൻപു, പൗലൊസും ന്യായാധിപ സംഘത്തിൽ ഇരുന്നിരുന്നു;[14] ഇപ്പോൾ അവൻ അവരുടെ മുൻപിൽ നിന്നു മരവിച്ചതും, ഗാംഭീര്യവുമുള്ള മുഖങ്ങളെ നോക്കിയിരുന്നു. അവരിൽ ചിലരുടെ മുഖങ്ങൾ അവൻ തിരിച്ചറിഞ്ഞു;[15] അനേകർ അവനറിഞ്ഞുകൂടാത്തവരാണ്.

ഒടുവിൽ, പൗലൊസിനു സംസാരിക്കുവാനുള്ള അനുവാദം ലഭിച്ചു.[16] അവൻ പുരുഷാരത്തോടു സംസാരിക്കുവാൻ, അവൻ തന്റെ കൈകൾകൊണ്ട് ആഗ്യം കാട്ടി അവരുടെ ശ്രദ്ധയാകർഷിച്ചു (21:40); ഇപ്പോൾ ന്യായാധിപസംഘത്തിലേക്കു ഉറ്റുനോക്കി (23:1) കൂടിവന്നിരുന്നവർ നിശബ്ദരായി എല്ലാ കണ്ണുകളും അവനിലേക്കു തിരിയുമാറാക്കി.[17] ധൈര്യത്തോടെ, അവൻ തുടങ്ങി: "സഹോദരന്മാരേ,[18] ഞാൻ ഇന്നേ ദിവസത്തോളവും[19] കേവലം നല്ല മനസ്സാക്ഷിയോടും കൂടെ ദൈവത്തിന്റെ

മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു" (23:1).[20] മറ്റൊരു വിധത്തിൽ പറഞ്ഞാൽ, "ചുമത്തപ്പെട്ട കുറ്റാരോപണത്തിൽ എന്റെ ഹൃദയത്തിൽ ഞാൻ തെറ്റുകാരനല്ല എന്നെനിക്കറിയാം ആരോപിക്കപ്പെട്ട കുറ്റങ്ങളെ സംബന്ധിച്ച ഞാൻ നിരപരാധിയായിട്ടാണ് നില്ക്കുന്നത്!"[21]

ആ കൂടിവരവിനിടയാക്കിയ ഔദ്യോഗിക മഹാപുരോഹിതൻ പൗലൊസിന്റെ ധിക്കാരമായ വാക്കുകളോടു പ്രതികരിച്ചത്, "അരികെ നില്ക്കുന്നവരോടു അവന്റെ വായിക്കു അടിപ്പാൻ കല്പിച്ചു" (23:2) – അവനെ ശിക്ഷിക്കുന്നവരും അവനെ മിണ്ടാതാക്കിയവരും.[22] മഹാപുരോഹിതന്റെ പേർ അനന്യാസ് എന്നായിരുന്നു (23:2)[23] – ചരിത്രകാരന്മാർ പറഞ്ഞതനുസരിച്ചു, ആ സ്ഥാനത്തിരുന്നതിൽ ഈ മഹാപുരോഹിതൻ അഭക്തനും മനസ്സാക്ഷിക്കുത്തില്ലാത്തവനുമായിരുന്നു.[24] അവൻ "അത്യാർത്തിയിലും, കള്ളൻ, അപഹരണബുദ്ധിയോ അപഹരിക്കുന്നവനും, റോമാ സേവനത്തിൽ ശത്രുവിനെപ്പോലും സഹായിക്കുന്നവനും ആയിരുന്നു."[25]

ആ നിഷ്ഠൂരമായ അടിക്കൊന്നും അപ്പൊസ്തലനെ നിശബ്ദനാക്കാൻ കഴിഞ്ഞില്ല, രക്തം തിളച്ച്, അവൻ തിരിച്ചടിച്ചു: "ദൈവം നിന്നെ അടിക്കും, വെള്ള തേച്ച ചുവരേ! നീ ന്യായപ്രമാണ പ്രകാരം എന്നെ വിസ്തരിപ്പാൻ ഇരിക്കയും, ന്യായപ്രമാണത്തിനു വിരോധമായി എന്നെ അടിപ്പാൻ കല്പിക്കയും ചെയ്യുന്നുവോ എന്നു പറഞ്ഞു?" (23:3). വിചാരണ ചെയ്തു കുറ്റം തെളിയിച്ചാലേ ആരെയെങ്കിലും ശിക്ഷിക്കാവു എന്നു ന്യായപ്രമാണം വ്യക്തമായി പറയുന്നു (ലേവ്യാപുസ്തകം 19:15; ആവർത്തനപുസ്തകം 25:1, 2).[26] അലിഖിത നിയമം പോലും പറയുന്നു, "ഒരു യിസ്രായേലിന്റെ ചെകിട്ടത്ത് അടിക്കുന്നവൻ, അടിക്കുന്നത്, എവിടെയായാലും, ദൈവമഹത്വത്തിന്മേലാണ്."[27]

"വെള്ള തേച്ച ചുവരേ" എന്ന പൗലൊസിന്റെ സൂചന അവന്റെ ശ്രോതാക്കൾക്കു പരിചിതമാണ്. കള്ളപ്രവാചകന്മാരെ തകർന്ന ചുവരിനോടു യെഹെസ്കേൽ താരതമ്യം ചെയ്തിട്ടുണ്ട്. വെള്ള തേച്ച് അതിലെ വിള്ളലുകൾ മൂടിയിരിക്കയാണ് (യെഹെസ്ക്കേൽ 13:10–16). പൗലൊസ് തന്നെ ഉപദ്രവിക്കാൻ നീങ്ങിയവന്റെ കാപട്യത്തെ എടുത്തു കാട്ടി![28] (അപ്പൊസ്തലൻ അനന്യാസിനെതിരെ പ്രവചിച്ച് ദൈവം നിന്നെ അടിക്കും എന്നതു പത്തുവർഷത്തിനുള്ളിൽ സംഭവിച്ചു എ.ഡി 66–ൽ മഹാപുരോഹിതൻ ശിരസ് ഛേദിക്കപ്പെട്ടു, റോമാക്കാരല്ലാത്തവരോട് വൈകാരിക മനോഭാവം ഉണ്ടായിരുന്നതുകൊണ്ടാണ്.[29])

പൗലൊസിന്റെ വിരൽ ചൂണ്ടിയ വാക്കുകൾ സംഘത്തെ ഞെട്ടിച്ചു. "അരികെ നില്ക്കുന്നവൻ നീ ദൈവത്തിന്റെ മഹാപുരോഹിതനെ ശകാരിക്കുന്നുവോ?" എന്നു ചോദിച്ചു (23:4). പൗലൊസ് പിന്തിരിഞ്ഞു. "സഹോദരന്മാരേ, മഹാപുരോഹിതൻ; എന്നു ഞാൻ അറിഞ്ഞില്ല, 'നിന്റെ ജനത്തിന്റെ അധിപതിയെ ദുഷിക്കരുത് എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു'" (23:5) ഈ ഉദ്ധരണി പുറപ്പാട് 22:28–ൽ നിന്നാണ്. ന്യായപ്രമാണത്തിനെതിരായി സംസാരിക്കുന്നതിനു പകരം (പ്രവൃത്തികൾ 21:28), അവനു ന്യായപ്രമാണത്തോട് തികഞ്ഞ ആദരവ് ഉണ്ടായിരുന്നു എന്നു വീണ്ടും പൗലൊസ് തെളിയിച്ചു.

ഈ രണ്ടു ചോദ്യങ്ങളും പണ്ഡിതന്മാർക്കു വിഷമമുണ്ടാക്കുന്നവയാണ്. ആദ്യത്തേത്: ഒരു മഹാപുരോഹിതനോടാണ് പൗലൊസ് സംസാരിക്കുന്നതെന്ന് എന്തുകൊണ്ട് അവൻ അറിഞ്ഞില്ല? ചിലർ പറയുന്നതു പൗലൊസിന്റെ കണ്ണിനു കാഴ്ച്ച കുറവായിരുന്നു എന്നാണ് (ഗലാത്യർ 4:15; 6:11). മറ്റു ചിലർ കരുതുന്നത് ആ യോഗം വിളിച്ചു കൂട്ടിയതു റോമാ ഗവൺമെന്റായിരുന്നു. അതുകൊണ്ട് അനന്യാസ് അവന്റെ സാധാരണ ഇരിപ്പിടത്തിലല്ല ഇരുന്നതും മഹാ – പുരോഹിതന്റെ വസ്ത്രത്തോടും ആയിരുന്നില്ല എന്നാണ്. മറ്റു ചിലർ വിചാരിക്കുന്നത് പത്തിരുപതു വർഷങ്ങൾക്കുള്ളിൽ പൗലൊസ് ഒന്നു രണ്ടു പ്രാവശ്യമേ യെരുശലേമിൽ വന്നിട്ടുള്ളു, അതുകൊണ്ട് കാഴ്ചയിൽ അയാൾ മഹാപുരോഹിതനാണെന്നു അവൻ അറിഞ്ഞില്ല എന്നുമാണ്.[30]

രണ്ടാമത്തെ ചോദ്യം ആദ്യത്തേതിനോടു ചേർന്നിരിക്കുന്നു: പൗലൊസ് വാസ്തവത്തിൽ പ്രതിവാദം നടത്തുകയായിരുന്നോ, അതോ അവന്റെ വാക്കുകൾ വിപരീതാർത്ഥ പ്രയോഗം നടത്തിയതായിരുന്നോ? പൗലൊസ് വിപരീതാർത്ഥത്തിൽ സംസാരിച്ചുവെന്നു വിശ്വസിക്കുന്നവർ ശഠിക്കുന്നത്, "ഞാൻ അനന്യാസിനെ മഹാപുരോഹിതൻ എന്നു കരുതുന്നില്ല, *കാരണം ഒരു മഹാപുരോഹിതൻ തീർച്ചയായും ഇങ്ങനെ പെരുമാറുകയില്ല!*" വ്യക്തിപരമായി, ഞാൻ പൗലൊസിന്റെ വാക്കുകൾ മുഖവിലക്കെടുക്കുന്നു. ബൈബിൾ വ്യാഖ്യാനത്തിലെ അടിസ്ഥാനതത്വം എന്തെന്നാൽ ഏറ്റവും ഉചിതമായ അർത്ഥം വേണം എടുക്കുവാൻ മറ്റു രീതികൾ എടുക്കാൻ പറ്റാത്തേടത്തോളം അങ്ങനെ വേണം എടുക്കുവാൻ – പൗലൊസിന്റെ വാക്കുകൾ, സ്വാഭാവികമായും, സാധാരണ അർത്ഥത്തിൽ എടുക്കാം.[31] പൗലൊസ് പുറപ്പാട് ഉദ്ധരിച്ചത് അവന്റെ പ്രസ്താവന വിപരീതാർത്ഥ പ്രയോഗമല്ല പ്രതിവാദമായിരുന്നു എന്നു തെളിയിക്കുന്നു.

ലൂക്കൊസ് പൗലൊസിന്റെ മാനുഷികാവസ്ഥയെ വെളിപ്പെടുത്തുകയായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. തീർച്ചയായും, ചില അവസരത്തിൽ അല്ലെങ്കിൽ, മറ്റൊന്നിൽ നാം തീർച്ചയായും മറ്റെ ചെകിട് കാണിച്ചു കൊടുക്കുന്നതിനു പകരം, കഠിനഹൃദയരുടെ പിടിയിൽ അകപ്പെടും (മത്തായി 5:39), നാം കിട്ടിയതിനു തക്കവണ്ണം മടക്കിക്കൊടുക്കും. കൂടാതെ, താൻ ചെയ്തതു ബോധ്യമായപ്പോൾ പൗലൊസ് യഥാർത്ഥത്തിൽ ക്ഷമ പറയുകയായിരുന്നു, അതു ആത്മാർത്ഥമായിരുന്നു. അതിൽ, അവൻ നമുക്കെല്ലാവർക്കും ഒരു മാതൃകയാണ്. തീർച്ചയായും, അവൻ സത്യം സംസാരിച്ചില്ല എന്നല്ല പൗലൊസ് പറഞ്ഞത് (അവന്റെ വാക്കുകൾ 100 ശതമാനവും ശരിയായിരുന്നു), മറിച്ച് ദൈവത്തിന്റെ അധിപനു അപകീർത്തിപരമായി പറഞ്ഞതാണ് തെറ്റിയത്. വ്യക്തിയെ ബഹുമാനിക്കാൻ നമുക്കു കഴിയാത്തപ്പോഴും, നമുക്കു സ്ഥാനത്തെ ബഹുമാനിക്കാം.

പൗലൊസ് ഒരിക്കൽ ന്യായാധിപസംഘത്തോട് ബന്ധപ്പെട്ടിരുന്നതുകൊണ്ട്, തനിക്കു പറയാനുള്ളതു അവർ ശ്രദ്ധയോടെ കേൾക്കും എന്നാണ് പൗലൊസ് വിചാരിച്ചത്. തന്റെ വായിലെ ഉപ്പുരസമുള്ള രക്തവും, മഹാപുരോഹിതന്റെ മുഖത്തെ വെറുപ്പും,[32] വർദ്ധിച്ചു വന്ന

ന്യായാധിപസംഘത്തിന്റെ ശത്രുതയും അവന്റെ ഉള്ളിലെ ചിന്ത മായിച്ചു കളഞ്ഞു കാണും. ഇപ്പോൾ അവന്നു ന്യായാധിപ സംഘത്തിന്റെ മുൻപിൽ നിന്നു ജീവനോടെ പോയാൽ മതി എന്ന ചിന്തയാണുള്ളത്.

ന്യായാധിപസംഘത്തിന്റെ സംയോജിപ്പ് പൗലൊസിനറിയാം. സദൂക്യരാണ് ഭൂരിപക്ഷം, പക്ഷേ അനേകം പരീശന്മാരും വന്നിട്ടുണ്ട് – സംസാരിക്കത്തക്ക ന്യൂനപക്ഷമാണ്. ഈ രണ്ടു പക്ഷവും തമ്മിലുള്ള ഉപദേശ വ്യത്യാസവും പൗലൊസിനറിയാമായിരുന്നു. അനേക വ്യത്യാസങ്ങളിൽ പ്രധാനപ്പെട്ടതു മൂന്നായിരുന്നു: "പുനരുത്ഥാനം ഇല്ല,[33] ദൂതനും, ആത്മാവും ഇല്ല എന്നു സദൂക്യർ പറയുന്നു; പരീശന്മാരോ രണ്ടും ഉണ്ടെന്നു പ്രമാണിക്കുന്നു" (23:8).[34] അങ്ങനെ, "വലിയൊരു നിലവിളി ഉണ്ടായി പരീശപക്ഷത്തിലും സദൂക്യരിലും ഉള്ളവർ തമ്മിൽ വാദിച്ചു, പൗലൊസ് ന്യായാധിപസംഘത്തോട് നിലവിളിച്ചു,[35] 'സഹോദരന്മാരേ, ഞാൻ ഒരു പരീശനും,[36] പരീശന്മാരുടെ മകനും ആകുന്നു;[37] മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയും കുറിച്ചു ഞാൻ വിസ്താരത്തിലായിരിക്കുന്നു!'"[38] (23:6).

ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ പ്രസംഗിച്ചു എന്നായിരുന്നില്ല അവർ പൗലൊസിന്മേൽ ചുമത്തിയ കുറ്റം (21:28), എന്നാൽ യെഹൂദന്മാർ ക്രിസ്ത്യാനികളെ വെറുക്കാൻ കാരണം അവർ യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്ന് പ്രസംഗിക്കുന്നതുകൊണ്ടാണെന്ന് പൗലൊസിന് അറിയാമായിരുന്നു (4:2 നോക്കുക). താൻ "മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയും കുറിച്ച് വിസ്താരത്തിലാണെന്നു" പൗലൊസ് പറഞ്ഞതുകൊണ്ട്, അവർ വാസ്തവത്തിലുള്ള പ്രശ്നം പുറത്തുകൊണ്ടു വരികയായിരുന്നു. വിസ്താരത്തിലുടനീളം, തനിക്കെതിരെയുള്ള ആരോപണങ്ങൾ കെട്ടിച്ചമച്ചതാണെന്നും വാസ്തവത്തിലുള്ള പ്രശ്നം പുനരുത്ഥാനം ആയിരുന്നു എന്നു പൗലൊസ് ഊന്നിപ്പറഞ്ഞിരുന്നു (24:21; 26:6–8, 21–23; 28:20 നോക്കുക).

തന്റെ വാക്കുകൾ എത്ര സ്ഫോടാത്മകമാണെന്നു പൗലൊസ് ചിന്തിച്ചിരുന്നോ? നമുക്ക് അറിയില്ല,[39] എന്നാൽ ...

> ... അവൻ ഇതു പറഞ്ഞപ്പോൾ, പരീശന്മാരും സദൂക്യരും തമ്മിൽ ഇടഞ്ഞു; സംഘം ഛിദ്രിച്ചു ... പുനരുത്ഥാനം ഇല്ല; ദൂതനും ആത്മാവും ഇല്ല എന്നു സദൂക്യർ പറയുന്നു പരീശന്മാരോ രണ്ടും ഉണ്ടെന്നു പ്രമാണിക്കുന്നു. അങ്ങനെ വലിയൊരു നിലവിളി ഉണ്ടായി. പരീശ പക്ഷത്തിലെ ചില ശാസ്ത്രിമാർ എഴുന്നേറ്റു, വാദിച്ചു, "ഈ മനുഷ്യനിൽ ഞങ്ങൾ ഒരു കുറ്റവും കാണുന്നില്ല; ഒരാത്മാവോ ഒരു ദൂതനോ അവനോടു സംസാരിച്ച് എന്നു വന്നേക്കാം എന്നു പറഞ്ഞു?"[40] (23:7–9).

പരീശന്മാരുടെ പ്രസ്താവന അവർ സദൂക്യർക്കു *എതിരായതു* പൗലൊസിനു *വേണ്ടി* അനുകൂലമാക്കുവാൻ എന്നു സൂചിപ്പിക്കുന്നില്ല – അവരെ പ്രോത്സാഹിപ്പിക്കുവാൻ ഒരു അവസരം കിട്ടിയതു ആഹ്ലാദിപ്പിക്കുന്നതായിരുന്നു. തന്നെ വിഴുങ്ങുവാൻ വന്ന രണ്ടു വന്യമൃഗങ്ങൾ

തമ്മിൽ തമ്മിൽ കൊമ്പുകോർക്കുമാറാക്കിയതുപോലെയായിരുന്നു പൗലൊസിന്റെ വാക്കുകൾ അവർക്ക്.[41]

ഒരിക്കൽകൂടെ, ആ മഹനീയ ശരീരം കുഴപ്പത്തിലേക്കു എറിയപ്പെട്ടു (7:54–58 ശ്രദ്ധിക്കുക) റോമാ സഹസ്രാധിപൻ അതിശയിച്ചു നോക്കിയപ്പോൾ, ആ പ്രായമുള്ള യെഹൂദന്മാർ വെട്ടിത്തിളങ്ങുന്ന ക്രോധയോടെ അന്യോന്യം തുറിച്ചു നോക്കുന്നതു എനിക്കു കാണാൻ കഴിയും. കൊടുങ്കാറ്റിന്റെ മധ്യേ പൗലൊസും. ഒരു വശത്ത് സദൂക്യർ അവനെ കിട്ടിയാൽ, കൊന്നുകളയാനുള്ള ദേഷ്യവുമായി നില്ക്കുന്നു. മറുവശത്ത് പരീശന്മാർ, അവരിൽ നിന്നു അവനെ പറിച്ചു മാറ്റുവാൻ ശ്രമിക്കുന്നു.

മൂന്നാം പ്രാവശ്യം, ആ റോമൻ ഉദ്യോഗസ്ഥൻ മുന്നോട്ടു വന്നു അവന്റെ ജീവൻ രക്ഷിക്കേണ്ടതിനു. “അങ്ങനെ വലിയ ഇടച്ചൽ ആയതുകൊണ്ടു, അവർ പൗലൊസിനെ ചീന്തിക്കളയും എന്നു സഹസ്രാധിപൻ പേടിച്ചു” (23:10). പടയാളികൾ ഇറങ്ങിവന്നു, “അവനെ അവരുടെ നടുവിൽ നിന്നു പിടിച്ചെടുത്തു, കോട്ടയിൽ നിന്നു കൊണ്ടു പോകുവാൻ കല്പിച്ചു” (23:10).

### ഒരു ദൈവിക സാന്ത്വനം (23:11)

ആ രാത്രിയിൽ പൗലൊസ് തന്റെ ഏകാന്ത തടവിൽ, ഹൃദയവ്യഥയും നിരാശയും ഉള്ളവനായിരുന്നു. തന്റെ ശുഷ്കാന്തിയുള്ള പ്രവർത്തനം തീർന്നുവെന്നും ഒരിക്കലും റോമിലേക്കു പോകാൻ കഴിയുകയില്ല എന്നും തോന്നി. എങ്ങനെയായാലും, അവൻ ഉപേക്ഷിക്കപ്പെട്ടില്ല. “രാത്രിയിൽ കർത്താവു അവന്റെ അടുക്കൽ നിന്നു, ‘ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ചു യെരുശലേമിൽ സാക്ഷീകരിച്ചതുപോലെ, റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു എന്നു അരുളിച്ചെയ്തു’” (വാക്യം 11). ഈ അത്ഭുത സംഭവം വിശദമാക്കി പഠിക്കുന്നതിനു മുൻപു, പൗലൊസിനെ യെരുശലേമിൽ തള്ളിക്കളഞ്ഞ സംഭവം ചുരുക്കമായി നമുക്കു നോക്കാം.

### തീരുമാനിച്ചുറപ്പിച്ച ഒരു ഗൂഢാലോചന (23:12-15)

23:12–15–ൽ നാം വായിക്കുന്നു:

> നേരം വെളുത്തപ്പോൾ, ചില യെഹൂദന്മാർ തമ്മിൽ യോജിച്ചു പൗലൊസിനെ കൊന്നു കളയുവോളം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്കയില്ല എന്നു, ശപഥം ചെയ്തവർ നാല്പതിൽ അധികം പേർ ആയിരുന്നു, അവർ മഹാപുരോഹിതന്മാരുടേയും മൂപ്പന്മാരുടേയും അടുക്കൽ ചെന്നു. “ഞങ്ങൾ പൗലൊസിനെ കൊന്നു കളയുവോളം ഒന്നും ആസ്വദിക്കയില്ല എന്നൊരു ശപഥം ചെയ്തിരിക്കുന്നു. ആകയിൽ, അതുകൊണ്ട്, നിങ്ങൾ അവന്റെ കാര്യം അധികം സൂക്ഷ്മത്തോടെ പരിശോധിക്കേണം എന്നുള്ള ഭാവത്തിൽ അവനെ നിങ്ങളുടെ അടുക്കൽ താഴെ കൊണ്ടുവരുവാൻ ന്യായാധിപസംഘവുമായി സഹസ്രാധിപനോടു അപേക്ഷിപ്പിൻ; എന്നാൽ അവൻ സമീപിക്കും മുൻപേ ഞങ്ങൾ അവനെ

ഒടുക്കികളവാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു."

വാക്യം 20 പറയുന്നതു ഈ കുലപാതക ഗൂഢാലോചനക്കു ന്യായാധിപസംഘത്തിലെ അദ്ധ്യക്ഷന്മാർ സമ്മതിച്ചിരിക്കുന്നു എന്നാണ്. വാരെൻ വിയേഴ്സ്ബേ പറഞ്ഞതിനോടു, നാം യോജിക്കേണ്ടിയിരിക്കുന്നു, "ദൈവഭക്തനായ ഒരു യെഹൂദനെ മതപരമായ കാരണത്താൽ ഒടുക്കിക്കളവാൻ നാല്പതുപേർ ഗൂഢാലോചന നടത്തിയപ്പോൾ യെരുശലേം ദൈവത്തിൽ നിന്നു വളരെ അകലെയായിരുന്നു" "മുഖ്യപുരോഹിതന്മാർ പോലും ആ കുറ്റത്തിൽ പങ്കുകാരായിരുന്നു!"[42] 21 മുതൽ 23 വരെയുള്ള അദ്ധ്യായങ്ങളിൽ, സത്യം കണ്ടുപിടിക്കാൻ ശ്രമിച്ച, ക്ലൗദ്യോസ് ലൂസിയോസിനും, വഞ്ചനയും നാശവും ലക്ഷ്യമാക്കിയ യെഹൂദപ്രമാണിമാരും, നമ്മിൽ കാതലായ വൈരുദ്ധ്യം കാണുന്നു.

പിന്നീട്, പൗലൊസ് എങ്ങനെ അവരുടെ കെണിയിൽ നിന്നു രക്ഷപ്പെട്ടു എന്നു നാം കാണും, ഇപ്പോൾ തങ്ങളുടെ ഹൃദയത്തിൽ സുവിശേഷം സ്പർശിക്കയില്ല എന്നു യെരുശലേമിലെ പ്രമാണിമാർ എന്നേക്കുമായി തെളിയിക്കുന്നതു ഞാൻ അടിവരയിട്ടു പറയട്ടെ. അവർ നിത്യജീവനു തങ്ങൾ അയോഗ്യർ എന്നു വിധിച്ചു (13:46).

**ഉപസംഹാരം**

യെരുശലേമിന്റെ അവസാന തിരസ്ക്കാരവും അതിന്റെ അനന്തര ഫലവും യേശു പ്രതീക്ഷിച്ചിരുന്നു. അവളുടെ പാപങ്ങൾക്കുള്ള ശിക്ഷയായി, റോമാക്കാരാൽ യെരുശലേമിനെ നശിപ്പിക്കും (ലൂക്കൊസ് 21:20); ദൈവത്തിന്റെ നിത്യപദ്ധതിയിൽ യെരുശലേമിനു സ്ഥാനമില്ലാതെയാക്കും. കിണറ്റിനരികെ വെച്ചു ശമര്യക്കാരി സ്ത്രീയോടു യേശു പറഞ്ഞു, "നിങ്ങൾ പിതാവിനെ നമസ്ക്കരിക്കുന്നതു ഈ മലയിലും [ജെറിസിം] അല്ല, യെരുശലേമിലും അല്ല, എന്നുള്ള നാഴിക വരുന്നു" (യോഹന്നാൻ 4:21). ഇന്നു, നാം ഭൗതിക യെരുശലേമിനെനോക്കുന്നതിനു പകരം, "നാം സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ, സ്വർഗ്ഗീയ യെരുശലേമിന്നും അടുക്കലത്രെ, ..." (എബ്രായർ 12:22), മറ്റൊരു വാക്കിൽ, യേശു വാണുകൊണ്ടിരിക്കുന്ന, ദൈവസിംഹാസനത്തിനടുത്ത്.

ഈ പാഠത്തിൽ നിന്നു നമുക്കു അസംഖ്യം ഗുണപാഠങ്ങൾ എടുക്കാം. ഒന്ന് ആയിരം ആണ്ടിനു മുൻപുള്ള വാഴ്ച്ചക്കാർ പഠിപ്പിക്കുന്നതായ യെരുശലേം ദൈവമതത്തിന്റെയും പ്രാപഞ്ചിക പദ്ധതിയുടേയും കേന്ദ്രബിന്ദുവായിരിക്കും അവസാനം എന്നതു തെറ്റാണെന്നു തെളിയുന്നു. കൂടുതൽ വ്യക്തിപരമായി, എങ്ങനെയായാലും, ദൈവത്തെ തള്ളിക്കളയുന്നതു നാം തുടർന്നാൽ, എപ്പോഴെങ്കിലും ദൈവം നമ്മെ തള്ളിക്കളയും – അവസാനം പൂർണ്ണമായും ശലോമോൻ പറഞ്ഞു, "കൂടെക്കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചു പോകും" (സദൃശ വാക്യങ്ങൾ 29:1).[43] സുവിശേഷം കേൾക്കുവാനും അനുസരിക്കുവാനും നിങ്ങൾക്കു അവസരം തരുമ്പോൾ, നിങ്ങൾക്ക് അതു കൈക്കൊള്ളുകയോ തള്ളുകയോ ചെയ്യാം.

ദൈവ വഴി സ്വീകരിച്ചാൽ വിടുതലും സന്തോഷവും ലഭിക്കും; തള്ളിക്കളഞ്ഞാൽ അപകടവും വിപത്തും ആയിരിക്കും ഫലം. തുടർച്ചയായി ദൈവവഴി നിരസിക്കുന്നത് അവനെ പരിഹസിക്കുന്നതിനു തുല്യമാണ്, ദൈവത്തെ പരിഹസിച്ചുകൂടാ (ഗലാത്യർ 6:7)! ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നത്: നിങ്ങൾ ദൈവത്തെ തള്ളിക്കളഞ്ഞുകൊണ്ടിരിക്കയാണെങ്കിൽ, ഇനി അവനെ തള്ളിക്കളയരുത് എന്നാണ്!

കുറിപ്പുകൾ

[1]അവസാനത്തെ പ്രസ്താവന സൂചിപ്പിക്കുന്നതു ഒരു പക്ഷെ യേശുവിന്റെ രണ്ടാം വരവാകാം. [2]ഇതേ അടിസ്ഥാവാക്കുകൾ ലൂക്കൊസ് 13:34, 35-ൽ കാണാം. മത്തായി 23 ലെ വാക്കുകൾ മറ്റു സന്ദർഭത്തിൽ പറഞ്ഞതാകാം. [3]ജോർജ്ജ് ഈ. ലാഡ്, *ദ യങ്ങ് ചർച്ച്: ആക്സ് ഓഫ് ദ അപ്പൊസ്തൽസ്* (നാഷ്വില്ലെ: അബിങ്ങ്ഡൺ പ്രെസ്, 1964), 78. [4]ഇബിഡ്., 79. [5]ജോർജ് ഈ ലാഡ്, *ആക്സ്*, ദ വൈക്ലിഫ് ബൈബിൾ കമെന്ററി (നാഷ്വില്ലെ: ദ സൗത്ത് വെസ്റ്റേൺ കമ്പനി, 1962), 1164. [6]ബോബി ഡങ്കൺ, “പോൾ ഇൻ ദ ടെമ്പിൾ ആന്റ് ഇൻ പ്രിസൺ അറ്റ് ജെരുശലേം,” *സ്റ്റഡീസ് ഇൻ ആക്സ്* (ഡങ്കൺ, ടെക്സാസ്.: വാലിഡ് പബ്ലിക്കേഷൻസ്, 1985), 199-200. [7]വാരെൻ ഡബ്ലിയു വിയേഴ്സ്ബേ, *വിഴേയ്സ്ബേസ് എക്സ്പൊസിറ്ററി ഔട്ട്ലൈൻസ് ഓൺ ദ ന്യൂ ടെസ്റ്റമെന്റ്* (വീറ്റൺ, Ill.: വിക്ടർ ബുക്ക്സ്, 1992), 341. [8]പൗലൊസ് തടവിൽ തന്നെ ആയിരുന്നതുകൊണ്ട്, സഹസ്രാധിപൻ അവനെ മോചിപ്പിച്ചില്ല എന്നു അർത്ഥം. അതിനർത്ഥം ഒരുപക്ഷേ അവൻ പൗലൊസിനെ തടവിൽ നിന്നു പുറത്തു കൊണ്ടുവന്നതാകാം. [9]“പ്രവൃത്തികൾ, 1-൨൦” ലക്കത്തിലെ “സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ” എന്ന പാഠത്തിലെ “മുഖ്യ പുരോഹിതന്മാർ” എന്നതിന്റെ നോട്ടുകൾ നോക്കുക. [10]“പ്രവൃത്തികൾ, 1-൨൦” ലക്കത്തിലെ “ന്യായാധിപസംഘം” എന്ന വാക്ക് നോക്കുക.

[11]റോമിന്റെ ആഭിമുഖ്യത്തിലായിരുന്നു ന്യായാധിപസഭ കൂടിയത്. അതുകൊണ്ട്, റോമാ സഹസ്രാധിപനോട് അവരോട് കൂടി വരുവാൻ കല്പന കൊടുപ്പാൻ അധികാരമുണ്ട്. [12]അന്റോണിയോ കോട്ട ദൈവാലയ സമുച്ചയത്തിനു ഉയർന്നാണ് നിന്നിരുന്നത്. അതിലേക്കു കയറുവാൻ ജാതികളുടെ പ്രാകാരത്തിൽ നിന്നു കോണിപ്പടികൾ ഉണ്ടായിരുന്നു (21:31, 35, 40 നോക്കുക). പൗലൊസിനെ താഴേക്കു കൊണ്ടു വന്നിരുന്നു. [13] ഇതു ഒരു ഔദ്യോഗിക കൂടിവരവായിരുന്നോ, അതോ അനൗപചാരിക കൂടിവരവായിരുന്നോ എന്നു നമുക്കറിഞ്ഞു കൂടാ, അവർ കൂടി വന്നതു സാധാരണ കൂടി വരാറുള്ള സ്ഥാനത്താണോ എന്നും അറിയില്ല. സഹസ്രാധിപൻ യോഗത്തിനു നിന്നിരുന്നു എന്നു ശ്രദ്ധിക്കുക (23:10). പൗലൊസിന്റെ സുരക്ഷയും, പൗലൊസ് രക്ഷപ്പെടാതിരിക്കുന്നതിനും സഹസ്രാധിപന്നു ഉത്തരവാദിത്വം ഉണ്ടായിരുന്നു (12:18, 19; 16:27). സഹസ്രാധിപൻ ഉണ്ടായിരുന്നതുകൊണ്ട്, കൂടി വന്നതു ദൈവാലയത്തിന്റെ വിരുദ്ധസ്ഥലത്തായിരുന്നില്ല എന്നു നമുക്കു മനസ്സിലാക്കാം. [14]പൗലൊസ് ന്യായാധിപസംഘത്തിൽ അംഗമായിരുന്നാലും അല്ലെങ്കിലും, സ്തെഫാനൊസിനെ വിചാരണ ചെയ്തപ്പോൾ അവൻ സന്നിഹിതനായിരുന്നു. [15]ഇരുപതിൽ - അധികം വർഷം ന്യായാധിപസഭയിലുണ്ടായിരുന്നിട്ട് വീണ്ടും ജീവിച്ചിരുന്നവർ കണ്ടേക്കാം. കൂടാതെ, അവനോടൊപ്പം ഉണ്ടായിരുന്ന യുവാക്കളിൽ ചിലരെങ്കിലും ഈ സമയം ന്യായാധിപസംഘത്തിലേക്കു തിരഞ്ഞെടുത്തിരിക്കാം. [16]ന്യായാധിപസഭയുടെ മുമ്പിലെ ഔപചാരിക വിചാരണ സമയത്ത്, ആദ്യത്തെ കാര്യപരിപാടി കുറ്റവാളിയിൽ ചുമത്തപ്പെട്ട കുറ്റങ്ങൾ വായിച്ചു കേൾപ്പിക്കുക എന്നതാണ്. അതു യേശുവിന്റെ വിചാരണസമയത്ത് അവർ പാലിച്ചില്ല. കാരണം യേശുവിൽ കുറ്റമില്ലായിരുന്നു. കുറ്റവാളി സംസാരിക്കുമ്പോൾ അവന്റെ വായിൽ നിന്നു വരുന്നതു അവ

നിൽ കുറ്റമാക്കാം എന്ന് അവർ വിചാരിച്ചുകാണും. അതായിരിക്കണം പൗലൊസിന്റെയും വിചാരണ സമയത്ത്; സംസാരിപ്പാൻ അനുവദിച്ചത്. മറിച്ച്, ദൈവാലയത്തെ തീണ്ടിച്ചു എന്ന് (21:28) ഇപ്പോൾ കൊണ്ടു വന്നില്ല, കാരണം അത്ര കാര്യമല്ല എന്നു അവർക്കു ബോധ്യമായിരിക്കാം. [17]ശബ്ദാനമായ കൂട്ടത്തിന്റെ ശ്രദ്ധയാകർഷിക്കാൻ പറ്റിയ മാർഗ്ഗം ഇതാണ്. പൗലൊസിന്റെ നോട്ടത്തിൽ മറ്റു കാരണങ്ങളും പറയുന്നുണ്ട്, ഉദാഹരണമായി "കൂട്ടത്തെ രൂപപ്പെടുത്തൽ," അതായതു, തിരിച്ചറിയാവുന്നവനെ കണ്ടിട്ടു, അവനെ ദയാപുരസരം നോക്കിക്കൊണ്ട്, മുതലായവ. വാക്കുകൾ ഹ്രസ്വ ദൃഷ്ടിയെയാണ് സൂചിപ്പിക്കുന്നതെന്നു പറയുന്നുണ്ട്. [18]ഒരിക്കൽ കൂടെ, തന്റെ യെഹൂദ സദസ്യരെ തിരിച്ചറിഞ്ഞ് പൗലൊസ് തുടങ്ങി. "സഹോദരന്മാരും പിതാക്കന്മാരും" എന്നു (7:2 നോക്കുക) എന്ന് ഔപചാരികമായി ന്യായാധിപ സഭയെ സംബോധന ചെയ്യാത്തതുകൊണ്ട് പൗലൊസ് അവരെ പരിഹസിച്ചുകൊണ്ടാണ് തുടങ്ങിയതു എന്നു പറയപ്പെടുന്നു, അതു അസംഭവ്യമാണ് കാരണം പൗലൊസിന്മേൽ കൂട്ടത്തിന്റെ കോപം, അവന്റെ ജീവൻ പ്രത്യേകിച്ച് അവളുടെ കൈകളിൽ ഇരിക്കുമ്പോൾ വരാനിടയില്ല. [19]"ഹാവ് ലിവ്ഡ് മൈ ലൈഫ്" എന്ന ഗ്രീക്കുവാക്ക് തർജ്ജിമയിൽ നിന്നാണ് നമുക്ക് "പൊളിറ്റിക്സ്" എന്ന വാക്ക് കിട്ടിയത്. "ക്രിസ്ത്യാനിയായി ജീവിക്കൽ" എന്നാണ് അതു സൂചിപ്പിക്കുന്നത്. പൗലൊസ് പറഞ്ഞത് അവൻ ഒരു നല്ല യെഹൂദ പൗരനായി ന്യായപ്രമാണം ലംഘിക്കാതെയാണ് ജീവിച്ചത് എന്നാണ്. [20]കൂടാതെ 24:16; 2 കൊരിന്ത്യർ 1:12; 1 തിമൊഥെയൊസ് 3:9. പൗലൊസ്, തീർച്ചയായും, പാപമില്ലാത്തവൻ എന്നല്ല പറഞ്ഞതു. ശരിയായി വിഭജിക്കുമ്പോൾ മാത്രമേ മനസ്സാക്ഷിയുടെ നടത്തിപ്പ് ശരിയായിരിക്കയുള്ളു - മറ്റൊരു വാക്കിൽ പറഞ്ഞാൽ, ശരിയായി പഠിപ്പിക്കുന്നേടത്തോളം "പ്രവൃത്തികൾ, 1-൧൦" ലക്കത്തിലെ "മനസ്സാക്ഷി" എന്ന പ്രത്യേക ലേഖനം നോക്കുക. തനിക്കു ശരി എന്നു തോന്നിയതു മാത്രമേ ചെയ്തിരുന്നുള്ളു എന്നാണ് പൗലൊസ് പറഞ്ഞത്. ക്രിസ്ത്യാനികളെ ഉപദ്രവിച്ചു പോലും അവൻ *വിചാരിച്ചതു* താൻ ദൈവിക ശുശ്രൂഷ നടത്തുന്നുവെന്നാണ് (26:9). "ഒരാളുടെ മനസ്സാക്ഷി അനുസരിച്ചുള്ള ജീവിതം" ദൈവത്തെ പ്രസാദിപ്പിക്കുവാൻ മതിയായതല്ല, എന്നു ഈ വാക്യം തെളിയിക്കുന്നു.

[21]പൗലൊസ് വിട്ടുപോകേണ്ട സ്ഥാനത്തു നിന്നാണ് താൻ ജനത്തോട് സംസാരിച്ചപ്പോൾ എടുത്തതെന്നു പറയപ്പെടുന്നു തീർച്ചയായും, സാധ്യതയുള്ളത്, ഒരുപക്ഷെ, അവൻ ജനത്തോടു സംസാരിക്കുന്നതു ന്യായാധിപസംഘത്തിലെ ചിലർ കേട്ടിരിക്കും. [22]പൗലൊസിനോടു സംസാരിക്കുന്നതിനേക്കാൾ അടിക്കുന്നതായിരുന്നു മഹാപുരോഹിതന്നു എളുപ്പം. അവന്നെതിരെ ഉപയോഗിക്കാൻ പറ്റിയ ആരോപണം മഹാപുരോഹിതനിൽ ഉണ്ടായിരുന്നില്ല - പൗലൊസിനെതിരെ തെളിയിക്കാൻ മഹാപുരോഹിതന്നു തെളിവുണ്ടായിരുന്നില്ല. യേശുവിനെയും വിചാരണ സമയത്ത് മുഖത്തടിച്ചിരുന്നു (യോഹന്നാൻ 18:22). [23]അവനെ 4:6-ൽ പറഞ്ഞ "ഹന്നാവ് എന്ന മഹാപുരോഹിതനായി" തെറ്റിദ്ധരിക്കരുത്, കൂടാതെ പ്രവൃത്തികളുടെ പുസ്തകത്തിൽ മുൻപു കണ്ട അനന്യാസുമാരിൽ ഒരാളായിട്ടും തെറ്റിദ്ധരിക്കരുത് (5:1; 9:10). [24]തന്റെ പുരോഹിതന്മാരിൽ നിന്നു അവൻ ദശാംശം കവർന്നു ധനികൻ ആകുവാനും അധികാരത്തിൽ തുടരുവാൻ മറ്റുള്ളവരെ കൊല്ലുകയും ചെയ്തിരുന്നു. [25]വില്യം ബാർക്ക്ലേ, *ദ ആക്സ് ഓഫ് ദ അപ്പൊസ്തൽസ്,* ദ ഡെയ്‌ലി ബൈബിൾ സീരീസ്, റെവ. ഇഡി (ഫിലെദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രെസ്, 1976), 164. [26]എബ്രായർ 5:1, 2 പറയുന്നതു മഹാപുരോഹിതൻ എങ്ങനെ പെരുമാറണം എന്നാണ്. [27]ബാർക്ക്ലേ, 164. [28]ഇതിനെ യേശു പരീശന്മാരെ "വെള്ള തേച്ച ശവക്കല്ലറകളേ" എന്നു വിളിച്ചതുമായി താരതമ്യം ചെയ്യുക (മത്തായി 23:27). [29]ഇതിനർത്ഥം പൗലൊസ് മൂന്നാം വാക്യത്തിന്റെ ഒരു ഭാഗം ദൈവശ്വാസിയമായും മറ്റൊരു ഭാഗം അല്ലാതെയും സംസാരിച്ചു എന്നാണോ? കാരണം പൗലൊസ് 3-൧൦ വാക്യത്തിന്റെ മറ്റൊരു ഭാഗത്ത് അവൻ മാപ്പു പറയുന്നുണ്ടല്ലോ, ഒരു ഭാഗം ദൈവശ്വാസിയമായും മറ്റൊരു ഭാഗം ദൈവശ്വാസിയമല്ലാതെയും കാണുവാൻ പ്രയാസമാണ്. ഒരു പക്ഷെ, ദൈവത്തെ അനുസരിക്കാതിരിക്കുന്നവരെ, ദൈവം അവസാനം ശിക്ഷിക്കുമെന്ന പൊതുസത്യം പറ

ഞതാകാം, തിരുവെഴുത്ത് അറിയുന്നവർക്ക് ആ സത്യം പരിചയമുള്ളതാണ്. [30]വിശദീകരണം നമുക്ക് അറിഞ്ഞുകൂടാ. ഇതിൽ ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാ വസ്തുതകളുമോ, നമുക്ക് ഒന്നുമറിയില്ല. മഹാപുരോഹിതൻ സംസാരിച്ചപ്പോൾ പൗലൊസ് മറ്റൊരു ദിശയിലേക്കു നോക്കിയതുകൊണ്ടാണെന്നും പറയുന്നുണ്ട്, അതുകൊണ്ട് ആരാണ് അതു പറഞ്ഞതെന്ന് അവൻ അറിഞ്ഞില്ല. നേരെ മറിച്ച്, പൗലൊസിന്റെ പ്രതികരണം മറ്റു ദിശയിലേക്കല്ലായിരുന്നതുകൊണ്ട്, അങ്ങനെയായിരിക്കയില്ല, മറ്റൊരു സാദ്ധ്യതയ്ക്ക് അടുത്ത ഖണ്ഡിക നോക്കുക - പൗലൊസ് അനന്യാസിനെ തിരിച്ചറിഞ്ഞു പക്ഷെ മഹാപുരോഹിതനാണെന്ന്  മനസിലായില്ല.

[31]അനന്യാസ് മഹാപുരോഹിതനാകാൻ *യോഗ്യൻ* ആയിരുന്നില്ല എന്ന വാദഗതിയുടെ, അതുകൊണ്ട് പൗലൊസ് അവനെ മഹാപുരോഹിതനായി അംഗീകരിച്ചില്ല എന്നതിന്, അവനു മുൻപു അനേകം അയോഗ്യരായ  മഹാപുരോഹിതന്മാരുണ്ടായിരുന്നു, സ്ഥാനത്തെ ആദരിക്കുവാൻ ദൈവം പറയുമ്പോൾ സ്ഥാനത്തിരിക്കുന്ന വ്യക്തി ബാധകമല്ല. [32]ഈ വിധത്തിലുള്ള മഹാപുരോഹിതന്റെ വെറുപ്പ് കൈസര്യയിലേക്കു കൊണ്ടു പോകുമ്പോഴും തുടരുന്നുണ്ട് (24:1; കൂടാതെ 25:2, 3). [33]ലൂക്കൊസ് 20:27 നോക്കുക. [34]"പ്രവൃത്തികൾ, 1-൧൦" ലക്കത്തിലെ ശബ്ദസംഗ്രഹത്തിൽ "പരീശന്മാരും സദൂക്യരും" എന്നതും നോക്കുക. [35]കൂടി വന്നവർ ശബ്ദമുഖരിതമാക്കിയതുകൊണ്ട് പൗലൊസിനു നിലവിളിക്കേണ്ടി വന്നു. ഒരുപക്ഷേ അവർ അവനെ ആക്രമിക്കുവാൻ പോലും ചെന്നിരിക്കും. [36]"ഞാൻ പരീശനാകുന്നു" എന്ന പൗലൊസിന്റെ വാക്ക് ചിലർ എതിർത്തിട്ടുണ്ട്. ഇതു മനസിൽ വെക്കുക (1) പരീശന്മാരുടെ സ്ഥാനത്തെ പൗലൊസ് സൂചിപ്പിച്ചതാകാം; അവൻ തീർച്ചയായും യേശു വിലക്കിയ പരീശന്മാരുടെ ദു:സ്വഭാവത്തെയല്ല സൂചിപ്പിച്ചത്. (2) അവൻ താൻ വളർത്തപ്പെട്ട സാഹചര്യമാണ് സൂചിപ്പിച്ചത് (26:5). പൗലൊസിനു, താൻ പരീശനായി വളർത്തപ്പെട്ടത് പിമ്പിൽ വിട്ടുകളഞ്ഞിരുന്നു (ഫിലിപ്പിയർ 3:1-11), പക്ഷെ അതു അവന്റെ കഴിഞ്ഞകാലത്തിലെ ഒരു ഭാഗമായിരുന്നു. (ഞാൻ എന്നെ "ഓക്‌ലേ" [ഓക്‌ലേഹോമക്കാരൻ] എന്നു പറയാറുണ്ട്, കഴിഞ്ഞ ഇരുപത്തി - എട്ടു വർഷങ്ങളിൽ നാലുവർഷമേ ഞാൻ അവിടെ താമസിച്ചിരുന്നുള്ളുവെങ്കിലും.) [37]പരീശന്മാരുടെ "മകനും" എന്നത് എബ്രായപ്രയോഗമാണ്. അർത്ഥം "ആ സ്വഭാവത്തോടു കൂടിയ" എന്നാണ്. അതുകൊണ്ട്, "പരീശന്മാരുടെ മകൻ" അർത്ഥമാക്കുന്നതു പൗലൊസിന്റെ പൂർവ്വപിതാക്കൾ, "പരീശന്മാർ" ആയിരുന്നു എന്നു അന്തർലീനമായിരിക്കുന്നു. [38]"മരിച്ചവർക്കുള്ള പ്രത്യാശയും പുനരുത്ഥാനവും" എന്ന പ്രയോഗം അക്ഷരികമായ വേദഭാഗം തർജ്ജിമയാണ്. ഈ പ്രയോഗത്തിന്റെ *അർത്ഥം* "മരിച്ചവരുടെ പുനരുത്ഥാനത്തിന്റെ [അല്ലെങ്കിൽ, ഇൻ] ഉള്ള പ്രത്യാശ എന്നാണ്" (എൻ.ഐ.വി). [39]ചിലർ പറയുന്നതു പരീശന്മാരെ തന്റെ ഭാഗത്തു നിർത്തി യേശുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് താൻ പറയുന്നതു കേൾക്കുവാനാണ് അങ്ങനെ പറഞ്ഞത് എന്നാണ്. പൗലൊസ് ഉദ്ദേശിച്ചതാകാം ഒരുപക്ഷേ സംഭവിച്ചത്, പക്ഷേ നമുക്കു തീർച്ചയില്ല. എങ്ങനെയായാലും, പൗലൊസിന്റെ സുരക്ഷയ്ക്കു ദൈവം ആവശ്യമായതു ചെയ്തു. [40]പരീശന്മാർക്കു പൗലൊസിനെതിരെ അവരുടേതായ പരിഭവങ്ങൾ ഉണ്ടായിരുന്നു, എന്നാൽ അവർക്ക് പുനരുത്ഥാനം എന്ന പ്രസ്താവനയിൽ "തെറ്റ് ഒന്നും കാണാനായില്ല" അല്ലെങ്കിൽ അവനു ഒരു സ്വർഗ്ഗീയ ദർശനം ലഭിച്ചേക്കാം 9-൧൦ വാക്യത്തിന്റെ അവസാനം, കെജെവി ചേർക്കുന്നു, "നാം ദൈവത്തോടു പോരാടുന്നു എന്നു വരരുതല്ലോ" ഈ വാക്കുകൾ നല്ല കയ്യെഴുത്തു പ്രതിയിൽ കാണുന്നില്ല. അതു ഒരുപക്ഷേ മറ്റൊരു പരീശൻ മുൻപു പറഞ്ഞതിന്റെ പ്രതിഫലനമാകാം (5:39).

[41]ഈ ആശയം ജെ.ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്,* വാല്യം 2 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി, എൻ.ഡി), 226. [42] വിയേഴ്സ്ബേ, 343. [43]കൂടാതെ സദൃശവാക്യങ്ങൾ 6:12-15; റോമർ 1:24, 26, 28; എബ്രായർ 6:6.